ഉത്തരം

(എ&സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ

62 (651) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതെല്ലാം ആശുപത്രികളിലാണ് ഇപ്രകാരം ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ ആരംഭിക്കുകയെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രാഥമിക നടപടികൾ ഏതെങ്കിലും പൂർത്തീകരിച്ചുവോ ;

(ഡി) നിലവിലുള്ള ബ്ലഡ് ബാങ്കുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പി ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ&ബി) കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 50 സർക്കാർ ആശുപത്രികളിലാണ് ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കു ന്നത്. ആശുപത്രികളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) (i) ബ്ലഡ് സ്റ്റോറേജ് സെന്ററുകളുടെ പ്രവർത്തനത്തിന് മെഡിക്കൽ ഓഫീസർമാർക്കും ലാബ് ടെക്നീഷ്യന്മാർക്കും ആവശ്യമായ പരിശീലനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽവച്ച്നൽകി വരുന്നു.

(ii) ബ്ലഡ് സ്റ്റോറേജ് സെന്ററുകൾക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള മുറിയുടെ വൈദ്യുതീകരണം ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ ചെയ്ത് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച് സ്റ്റോറേജ് സെന്ററുകളെ പ്രവർത്തനസജ്ജമാക്കാനുള്ള എല്ലാ ജോലികളും അടിയന്തിരമായി പൂർത്തി യാക്കുവാനുള്ള ഉത്തരവ് HLL Life Care Ltd-ന് 23-11-2012-ലെ 4590/10/ H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള ബ്ലഡ് ബാങ്കുകളുടെ ശാക്തീകരണത്തിനായി ഈ സാമ്പത്തിക വർഷം 80 ലക്ഷം രൂപ ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ബ്ലഡ് ബാങ്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. കൂടാതെ വിവിധ സർക്കാർ ബ്ലഡ് ബാങ്കുകളിലേക്ക് ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ ബ്ലഡ് ബാങ്ക് റഫ്രിജറേറ്റർ നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly